# THE INDIA PENTECOSTAL CHURCH OF GOD

(REGISTERED IN 1935 AT ELURU, A. P. UNDER SOCIETY ACT XXI OF 1860, REGD. NO. 9/1935-36)
P.B. NO.22. HEBRON, KUMBANAD, KERALA, INDIA 689 547
E-mail : ipckerala@gmail.com, Website: www.ipc.live, Ph: 9656364765, 9995064765

## KERALA STATE


IPCKL/9023/2025 29-10-2025

**കർത്താവിൽ പ്രിയ സെന്റർ ശുശ്രൂഷകന് സ്നേഹ വന്ദനം,**

2026 ലേക്കുള്ള ശുശ്രൂഷകന്മാരുടെ സ്ഥലമാറ്റം സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

1. സെന്ററിൽ നിന്നും സ്ഥലംമാറ്റം സംബന്ധിച്ച് ശുപാർശ ചെയ്യാമെങ്കിലും പൂർണ്ണതീരുമാനമെടുക്കുന്നത് സ്റ്റേറ്റാണ്. സ്റ്റേറ്റിന്റെ തീരുമാനം സെന്ററും സഭയും ശുശ്രൂഷകന്മാരും അംഗീകരിക്കേണ്ടതാണ്.
2. പുതിയ നിയമനങ്ങൾ ഒന്നും തന്നെ സെന്റർ പ്രസ്ബിറ്ററി നടത്തുവാൻ പാടില്ല.
3. സാധുവായ ഐഡന്റിറ്റി കാർഡുള്ള ശുശ്രൂഷകന്റെ സ്ഥലമാറ്റം മാത്രമേ സബ്മിറ്റു ചെയ്യുവാൻ സാധിക്കുകയുള്ളു.
4. സ്ഥലമാറ്റം ശുപാർശ ചെയ്യുന്ന എല്ലാ സഭകളും 2025 വരെയുള്ള മെമ്പർഷിപ്പും രജിസ്ട്രേഷനും പുതുക്കിയിരിക്കണം. 17 – 10 – 2025 ലെ IPCKL/9016/2025 നമ്പർ സർക്കുലറിൽ വിശദവിവരങ്ങൾ നൽകിയിട്ടുണ്ട്.
5. സെന്ററിൽ നിന്നും സ്റ്റേറ്റിലേക്ക് സ്ഥലമാറ്റത്തിന് ശുപാർശ നൽകുന്ന ശുശ്രൂഷകന്മാരുടെ എണ്ണത്തിനനുസരിച്ച് സെന്ററിൽ ഒഴിവുകൾ ഉണ്ടായിരിക്കണം.
6. സെന്ററിന് പുറത്തേക്ക് ശുശ്രൂഷകനെ അയയ്ക്കുന്ന സെന്ററുകൾ സ്റ്റേറ്റിൽ നിന്നും ശുശ്രൂഷകനെ നിയമിക്കേണ്ടതിനു ആ സഭയോ, തത്തുല്ല്യമായ സഭയോ ഒഴിച്ചിടേണ്ടതാണ്. അല്ലായെങ്കിൽ പുറത്തേക്കു പോകുന്ന ശുശ്രൂഷകന് യോഗ്യമായ സഭ ലഭിക്കാതെ വരും. സെന്ററിന് പുറത്തേയ്ക്ക് വിടുന്ന ശുശ്രൂഷകന് സെന്റർ തന്നെ മറ്റ് സെന്ററിൽ സഭ കണ്ടെത്തി ശുപാർശ ചെയ്യേണ്ടതാണ്.
8. ഐ ഡി കാർഡ് ഉണ്ടെങ്കിലും, നിലവിൽ സഭാചാർജ്ജ് ഇല്ലാത്ത ശുശ്രൂഷകന്മാരെ സെന്ററിലോ, സെന്ററിനു പുറത്തോ സ്റ്റേറ്റിന്റെ അനുമതി മുൻകൂറായി വാങ്ങാതെ ഈ വർഷം ട്രാൻസ്ഫർ ശുപാർശ ചെയ്യുവാൻ പാടില്ല. (കഴിഞ്ഞ വർഷം ഈ കാറ്റഗറിക്ക് ട്രാൻസ്ഫർ ശുപാർശ ഇല്ലായിരുന്നു. എന്നാൽ മേല്പറഞ്ഞ നിബന്ധനക്ക് വിധേയമായി ഈ വർഷം യോഗ്യരായ ശുശ്രൂഷകർക്ക് ഒഴിവിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകാവുന്നതാണ്).
9. 2026 ലെ ട്രാൻസ്ഫർ ഇന്ന് മുതൽ വെബ് പോർട്ടൽ വഴി സബ്മിറ്റു ചെയ്യാവുന്നതാണ്. എല്ലാ വർഷത്തെയും പോലെ കൃത്യമായ സമയത്ത് ഈ വർഷത്തെയും സ്ഥലംമാറ്റം പൂർത്തീകരിക്കേണ്ടതിനാൽ സമയബന്ധിതമായി കാര്യങ്ങൾ ക്രമീകരിക്കാൻ അഭ്യർത്ഥിക്കുന്നു. **2026 ലെ ട്രാൻസ്ഫർ ജനുവരി 30 നകം വെബ് പോർട്ടൽ വഴി സബ്മിറ്റു ചെയ്യേണ്ടതാണ്.**
10. 2019 മുതൽ വെബ് പോർട്ടൽ മുഖേനയാണല്ലോ സ്ഥലമാറ്റക്രമീകരണം ചെയ്യുന്നത്. എന്നാൽ പുതിയ അഡ്മിൻമാർക്ക് സംശയ നിവാരണത്തിനായി സ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

സ്റ്റേറ്റിന്റെ പ്രവർത്തനങ്ങൾക്ക് അങ്ങ് നൽകി വരുന്ന പിന്തുണകൾക്കും പ്രാർത്ഥനകൾക്കും നന്ദിയും സ്നേഹവും അറിയിക്കുന്നു.

ക്രിസ്തുവിൽ,

Abraham

**പാസ്റ്റർ സി.സി. എബ്രഹാം**
പ്രസിഡന്റ്

THE INDIA PENTECOSTAL CHURCH OF GOD KERALA STATE

**പാസ്റ്റർ കെ പി കുര്യൻ**
സെക്രട്ടറി


മറുപുറം....



| President | Vice President | Secretary | Joint Secretary | Joint Secretary | Treasurer |
|---|---|---|---|---|---|
| **Pr. C.C. Abraham** | **Pr. Sunny Kurian** | **Pr. K.P. Kurian** | **Pr. Raju Anikkadu** | **Br. Biju Ramakkalmedu** | **Br. James George** |
| +91 94971 06184 | +91 94468 33555 | +91 9447592621 | +91 6282734233 | +91 94470 36788 | +91 94472 06309 |

## <u>പാസ്റ്റർ ട്രാൻസ്ഫർ 2026 വെബ് പോർട്ടൽ വഴി ചെയ്യാവുന്ന വിധങ്ങൾ</u>

1. **പാസ്റ്റർ** : Pastor wall ൽ കയറി menu വിലെ Transfer ഓപ്ഷനിൽ കൂടെ Request ചെയ്യാം.
2. **സഭകൾ**: സഭയുടെ വെബ് പോർട്ടലിൽ കയറി സഭയുടെ Profile സെലകട് ചെയ്യുക. ശുശ്രൂഷകന്റെ ഫോട്ടോയുടെ താഴെ Request Transfer എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്യുക.
3. **സെന്റർ**:

   a) **സെന്ററിനുള്ള മാറ്റം**: Pastor Register ൽ ശുശ്രൂഷകന്റെ പേരിനു നേരെ view select ചെയ്യുക. Request Transfer എന്ന ഓപ്ഷൻ click ചെയ്ത് അതിൽ Select Transfer Type, Select Church, Select Transfer Year ന് ശേഷം സേവ് ചെയ്യുക.

   b) **സെന്ററിനുപുറത്തേക്കുള്ള മാറ്റം**: മുകളിൽ പറഞ്ഞിരിക്കുന്ന പ്രോസ്സസ് ചെയ്യുമ്പോൾ Select outside Centre, Transfer Year കൊടുത്തു Save ചെയ്യുക.

   c) **ശുശ്രൂഷകൻ അവധിയിൽ പ്രവേശിച്ചാൽ**: മുകളിൽ പറഞ്ഞിരിക്കുന്ന പ്രോസസ് ചെയ്യുമ്പോൾ Leave, Select Transfer Year ന് ശേഷം Save ചെയ്യുക.

   d) **ശുശ്രൂഷകന് സംസ്ഥാനത്തിന് പുറത്തേക്ക് മാറ്റം**: മുകളിൽ പറഞ്ഞിരിക്കുന്ന പ്രോസ്സസ് ചെയ്യുമ്പോൾ Outside Country, Select Transfer Year ന് ശേഷം Save ചെയ്യുക. ഐപിസി മലബാർ കേരള സ്റ്റേറ്റ് ഉൾപ്പെടെയുള്ള എല്ലാഐപിസി സംസ്ഥാനങ്ങളിലേക്കും ഇന്ത്യക്ക് പുറത്തുള്ള റീജിയനുകളിലേക്കും ഉള്ള മാറ്റത്തിന് മേല്പറഞ്ഞ രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

**NB:** വിശദമായി അറിയുവാൻ ***www.ipc/downloads/open*** ചെയ്ത് അതിൽ ***Pastor Transfer Help File*** ക്ലിക്ക് ചെയ്യുക.




**പാസ്റ്റർ കെ പി കുര്യൻ**
സെക്രട്ടറി